II ഇ.ബി. XIV-കേരള നിയമസഭ /II-4

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 സെപ്റ്റംബർ 29, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു. )

9 (*91&95 ) <u>മലയോര ഹൈവേ നിർമ്മാണം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, കേരളത്തിലെ മലയോര പ്രദേശങ്ങൾ നഗരങ്ങളുമായി ബന്ധിപ്പിക്കുന്നതിനുവേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെയുള്ള റോഡ് വികസിപ്പിച്ച് ഹൈവേയാക്കി ഉയർത്താനാണ് മലയോര ഹൈവേ പദ്ധതിയിൽ ലക്ഷ്യമിടുന്നതെന്ന് സഭയെ അറിയിച്ചു. 06.07.2009-ലെ ഉത്തരവു പ്രകാരം 1195 കി.മീ. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മീ. റോഡിന്റെ രൂപരേഖ തയ്യാറാക്കുകയും District Flagship Infrastructure Project-ൽ ഉൾപ്പെടുത്തി 135.70 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള 59.415 കി.മീ. റോഡ് വികസിപ്പിക്കുന്ന പ്രവൃത്തി പുരോഗതിയിലാണെന്നും കാസർഗോഡ്, കണ്ണൂർ ജില്ലയൊഴികെ മലയോര ഹൈവേയുടെ അലൈൻമെന്റ് വരുന്ന മറ്റ് ജില്ലകളിലെ റോഡുകളിലെ മേജർ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കേണ്ടതുണ്ടെന്നും നാറ്റ്പാക്-ന്റെ പഴയ എസ്റ്റിമേറ്റ് പ്രകാരം ഏകദേശം 5,000 കോടി രൂപയായിരുന്നത് 7,500 കോടി

രൂപയോളം വരുമെന്നാണ് കണക്കാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. മലയോര – തീരദേശ ഹൈവേയ്ക്കുവേണ്ടി 10,000 കോടി രൂപ കിഫ്ബി-യിൽപ്പെടുത്താമെന്നും 2017-2018 സാമ്പത്തിക വർഷം തന്നെ പണം അനുവദിച്ച് നിർമ്മാണം ആരംഭിക്കാമെന്നും ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും രൂപരേഖ തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി കമ്മിറ്റി രൂപീകരിച്ച് മൂന്നുമാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി സഭയെ അറിയിച്ചു. തീരദേശ ഹൈവേയെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് നാറ്റ്പാക്-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശ ഹൈവേ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ വൈപ്പിൻ മുതൽ കോഴിക്കോട് ജില്ലയിലെ വെങ്ങളം വരെ അവസാനിക്കുന്ന രീതിയിൽ ഏകദേശം 209 കി.മീ. കേന്ദ്ര സർക്കാരിന്റെ ഭാരതമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും വയനാട്ടിലും ഇടുക്കിയിലും വനം വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കുമെന്നും നാറ്റ്പാക്-മായി ചർച്ച ചെയ്ത് അലൈൻമെന്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സാധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

10 (*92) ഹോപ്പ് പ്ലാന്റേഷൻ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, മുൻ സർക്കാർ 724 ഏക്കർ ഭൂമി ഹോപ്പ് പ്ലാന്റേഷൻസ് ഉൾപ്പെടെയുള്ളവർക്ക് പതിച്ചുനൽകാൻ തീരുമാനമെടുത്തിട്ടില്ലെന്നും 151 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കാനുള്ള 20.02.2016-ലെ ഉത്തരവ് 06.04.2016-ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം റദ്ദാക്കിയെന്നും ഇക്കാര്യത്തിൽ മൂവാറ്റുപുഴ വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-II മുഖേന ത്വരിതാന്വേഷണം നടന്നുവരുന്നതായും സഭയെ അറിയിച്ചു. മെത്രാൻ കായൽ, കടമക്കുടി ഭൂമി, പുത്തൻവേലിക്കരയിലെ മിച്ചഭൂമി ഇടപാട് മുതലായവ ക്യാബിനററ് സബ്കമ്മിറ്റി പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഹാരിസൺ മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധിച്ച് രാജമാണിക്യം സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11 (*93) ജില്ലാ മുഖ്യ പശ്ചാത്തലവികസന പദ്ധതി

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ)

നൽകിയ മറുപടിയിൽ, 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ പൊതു വിപണിയിൽനിന്നും പണം കണ്ടെത്തി 1,400 കോടി രൂപ ജില്ലാതല ഫ്ളാഗ്ഷിപ്പ് പദ്ധതികൾക്ക് അനുവദിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും പണമൊന്നും വകയിരുത്തിയിട്ടില്ലെന്ന് സഭയെ അറിയിച്ചു. 10.06.2015-ലെ ഉത്തരവുപ്രകാരം ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് (DFIP) എന്ന പേരിൽ 3771 കോടി രൂപ മതിപ്പുചെലവിൽ 21 പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതി നൽകിയെങ്കിലും ഒന്നാം ഘട്ടമായി 20.02.2016-ൽ 10 പ്രവൃത്തികൾക്ക് 1620.30 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയുണ്ടായി. പെട്രോളിനും ഡീസലിനും ഒരു രൂപ ക്രമത്തിൽ ചുമത്തുന്ന അധിക വിൽപ്പന നികുതിയുടെ 50% വിഹിതമായി വർഷംതോറും ഏകദേശം 200 കോടി രൂപ ലഭിക്കുമെന്നും ഈ തുക ഉപയോഗിച്ച് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുമെന്നും അധിക വിൽപ്പന നികുതിയുടെ 50 ശതമാനത്തിന് തുല്യമായ തുക പദ്ധതി നിർവ്വഹണത്തിനായി കേരള റോഡ് ഫണ്ട് ബോർഡിന് നൽകുമെന്നും പറഞ്ഞിരുന്നെങ്കിലും റോഡ് ഫണ്ട് ബോർഡിന് പണം നൽകിയിട്ടില്ലെന്നും ഫ്ലാഗ്ഷിപ്പ് പദ്ധതി റദ്ദാക്കില്ലെന്നും മേൽ പ്രവൃത്തികൾക്ക് ഫണ്ട് കണ്ടെത്താനുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. പ്രസ്തുത പദ്ധതി പ്രകാരം 5 പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് പണം

നൽകുമെന്നും പുതിയ പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുമെന്നും ചൂണ്ടൽ-ഗുരുവായൂർ-ചാവക്കാട് നാലുവരിപ്പാത സംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

12 (*94) കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, 2015 സെപ്റ്റംബർ മുതൽ പ്രവർത്തനരഹിതമായിരുന്ന കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള 30 ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നിശ്ചിത ഗുണനിലവാരവും വിലയും ഉറപ്പുവരുത്തി കശുവണ്ടി വാങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയും പ്രിൻസിപ്പൽ സെക്രട്ടറി (കാഷ്യൂ)യും ഉൾപ്പെടുന്ന ഉന്നതതല യോഗം ചേരുകയും KSCDC- ക്കും CAPEX-നും ലഘുദർഘാസിലൂടെ തോട്ടണ്ടി വാങ്ങുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ചെറുകിട വെണ്ടേഴ്സിനെക്കൂടി ടെണ്ടറിൽ സുഗമമായി പങ്കെടുപ്പിക്കുന്നതിനും ടെൻഡർ നടപടികൾ ചിട്ടപ്പെടുത്തുന്നതിനുമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഫാക്ടറികൾ തുറന്നു പ്രവർത്തിക്കേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത് തെരഞ്ഞെടുക്കപ്പെട്ട വെണ്ടർമാർക്ക് പർച്ചേസ്

ഓർഡർ നൽകുന്നതിന് KSCDC-ക്കും CAPEX -നും അനുവാദം നൽകുകയും ഇതനുസരിച്ച് ലോക്കൽ പർച്ചേസ് വഴി തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികൾ 17/8/2016 മുതലും കാപ്പെക്സിന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികൾ 22/9/2016 മുതലും തുറന്ന് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചു പൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് കൂടുതൽ ബാങ്ക് ഫിനാൻസ് ലഭ്യമാക്കുന്നതിനായി റിസർവ് ബാങ്കുമായും മറ്റു ബാങ്കുകളുമായും ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കും. തോട്ടണ്ടി ഇറക്കുമതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് SPV രൂപീകരിക്കുന്ന കാര്യവും കുറഞ്ഞ വിലയ്ക്ക് ഗുണനിലവാരമുള്ള തോട്ടണ്ടി ലഭ്യമാക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനായി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ലേബർ കമ്മീഷണർ, കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, കാപ്പക്സ് മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു ടീമിനെ ടാൻസാനിയായിലേക്ക് അയയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന തോട്ടണ്ടി പൂർണ്ണമായും ലഭ്യമാക്കിയാലും കാപ്പക്സിനും കശുവണ്ടി വികസന കോർപ്പറേഷനും പ്രവർത്തിക്കാൻ സാധിക്കുകയില്ല. ഈ അവസ്ഥ മാറ്റുവാൻ കശുമാവ് കൃഷി പ്രോത്സാഹിപ്പിച്ച് ആഭ്യന്തര കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കാനും സർക്കാർ ഉടമസ്ഥതയിലുള്ള

കശുമാവ് തോട്ടങ്ങളിലെ തോട്ടണ്ടി സംഭരിച്ച് കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റേയും ഫാക്ടറികളിൽ ലഭ്യമാക്കാനും പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി/തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി ചേർന്ന് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും ഇതര സംസ്ഥാനങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആന്ധ്രാ പ്രദേശിലെ ശ്രീകാകുളത്തും പരിസര പ്രദേശങ്ങളിലും കശുമാവ് കൃഷി നടത്തുന്ന കാര്യം ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രി തലത്തിൽ ആലോചിച്ചു വരികയാണെന്നും മന്ത്രി അറിയിച്ചു. വൻകിട മുതലാളിമാർ ബോധപൂർവ്വം ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നതിനെതിരെ ശക്തമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ചെറുകിട വ്യവസായികളുടെ ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ റിസർവ് ബാങ്കും നാഷണലൈസ്ഡ് ബാങ്കുകളുമായി ചർച്ച ചെയ്ത് റിസർവ് ബാങ്കിന്റെ നിർദ്ദേശമനുസരിച്ച് ഒരു empowered committee രൂപീകരിച്ചിട്ടുണ്ട്. പൊതുമേഖലയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ മുൻകൈ എടുക്കുന്നുണ്ടെന്നും കേന്ദ്ര ഗവൺമെന്റ് ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചത് വ്യവസായത്തിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെട്ടെങ്കിലും കേന്ദ്രം നിലപാടിൽ ഉറച്ചുനിൽക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ

അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 703 മുതൽ 961 വരെയുള്ള ചോദ്യങ്ങളിൽ 133 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)